# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 514 – 29/10/2019 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ.കെ.ഡി. പ്രസേനൻ | ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസവായ്പ തിരിച്ചടവ് പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ നിന്നും എത്ര ഹർജികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ലാ/ മണ്ഡലം/പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ 31.01.2018 വരെ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് എസ്.എൽ.ബി.സി ശുപാർശ ചെയ്ത് ലഭ്യമാക്കിയ 19,901 അപേക്ഷകർക്ക് സർക്കാർ വിഹിതമായി ആകെ 195.57 കോടി രൂപ അനുവദിച്ച് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഹർജികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുള്ള വിശദ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ